# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.96 | 28/06/2016 ൽ മറുപടിക്ക് |
|---|---|

### മുൻസർക്കാരിലെ മന്ത്രിമാർക്കും ഉന്നതഉദ്യോഗസ്ഥർക്കും എതിരെ അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.കെ. ആൻസലൻ | | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി ) | |
| (എ) | മുൻസർക്കാരിലെ മന്ത്രിമാരും ഉന്നതഉദ്യോഗസ്ഥരും ഉൾപ്പെട്ട സോളാർ അഴിമതി, ബാർക്കോഴ, കടകം പള്ളി ഭൂമി തട്ടിപ്പ്, പാറ്റൂര് ഭൂമികൈയ്യേറ്റം, ടൈറ്റാനിയം അഴിമതി, കടമക്കുടി, മെത്രാൻകായൽ തുടങ്ങിയ ആക്ഷേപങ്ങളെ കുറിച്ച നിഷ്പക്ഷമായ അന്വേഷണം നടത്താൻ തയ്യാറാകുമോ; | (എ) | ടൈറ്റാനിയം അഴിമതി സംബന്ധിച്ച് വി.സി. 01/2015/SIU I എന്ന നമ്പരിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു.<br>ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉൽപ്പന്നമായ ടൈറ്റാനിയം ഡയോക്സൈഡിൽ മായം കലർത്തിയും കമ്പനിയുടെ Trade Name വ്യാജമായി ഉപയോഗിച്ച് വീണ്ടും പാക്കറ്റിലാക്കി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ സ്റ്റോക്കിസ്റ്റുകൾ വിപണനം നടത്തുന്നുവെന്ന പരാതിയിൻമേൽ അന്വേഷണം സി.ബി.ഐ.ക്ക് കൈമാറി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>ബാർകോഴ ആരോപണം സംബന്ധിച്ച് വി.സി.06/14/എസ്.ഐ.യു - II എന്ന നമ്പരിൽ ഒരു വിജിലൻസ് അന്വേഷണം നടന്നു വരുന്നു. കൂടാതെ ബാർകോഴ സംബന്ധിച്ച് ചില ആരോപണങ്ങളുടെ വെളിച്ചത്തിൽ മുൻ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനെതിരെ ഒരു പ്രാഥമികാന്വേഷണം നടന്നു വരുന്നു. സോളാർ അഴിമതി, കടകം പള്ളി ഭൂമി തട്ടിപ്പ്, പാറ്റൂർ ഭൂമി കൈയ്യേറ്റം, കടമക്കുടി, മെത്രാൻ കായൽ എന്നിവ സംബന്ധിച്ച് വിജിലൻസ് കേസോ വിജിലൻസ് അന്വേഷണമോ നിലവിൽ ഇല്ല. സോളാർ അഴിമതി സംബന്ധിച്ച് അന്വേഷണത്തിനായി അന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കടകംപള്ളി ഭൂമി തട്ടിപ്പ് കേസ് സി.ബി.ഐ. അന്വേഷിച്ചു വരുന്നു. |
| (ബി) | അന്വേഷണ ഉദ്യോഗസ്ഥർ കേസുകൾ ഇല്ലാതാക്കാൻ ശ്രമം നടത്തിയെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; | (ബി)<br>&<br>(സി) | പ്രസ്തുത വിഷയത്തിൽ ഒരു ആഡിറ്റ് വിജിലൻസ് ഡയറക്ടറേറ്റിൽ തുടങ്ങിയിട്ടുണ്ട്. ആഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | ഈ കേസുകൾ പുനരന്വേഷിക്കുന്നതോടൊപ്പം കേസ് ഇല്ലാതാക്കാൻ ശ്രമിച്ച ഉദ്യോഗസ്ഥർക്കെതിരെക്കൂടി അന്വേഷണം നടത്തി മാതൃകാപരമായി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ